**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/3957/2021-TA1 തീയതി :**20/10/2021**

**<u>പരിപത്രം</u>**

വിഷയം:-
നെൽകൃഷി വികസന പദ്ധതി 2021-22- നെൽകൃഷിയ്ക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി - പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ- പുറപ്പെടുവിക്കുന്നത്.

സൂചന:- 1)കൃഷി ഡയറക്ടറുടെ 21/04/2021 ലെ ഉത്തരവ് നമ്പർ ADFW/3119/2021-TP2

2) ചീഫ് ( കൃഷി ), കേരള സംസ്ഥാന പ്ലാനിങ് ബോർഡ് - ന്റെ 02-06-2021-ലെ കത്ത്

3)സർക്കാർ ഉത്തരവ് G.O.(Rt) No.596/2021/AGRI തീയതി 16.07.2021

നെൽകൃഷി വികസന പദ്ധതി (2021-22) യിലെ "നെൽകൃഷിയ്ക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി" (Royalty for owners of cultivable paddy land) എന്ന ഘടക പദ്ധതിക്കായി 2401-00-102-90 (P) ശീർഷകത്തിൽ 4000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആയതിന് സൂചന 1 പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തു. സൂചന 3 പ്രകാരം റോയൽറ്റി പദ്ധതിക്കായി 1500 ലക്ഷം രൂപയാണ് നെൽകൃഷി വികസന പദ്ധതിയിൽ നീക്കി വച്ചിട്ടുള്ളത്.

ഈ സാഹചര്യത്തിൽ 'നെൽകൃഷിയ്ക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി' നടപ്പിലാക്കുന്നതിന് താഴെ പറയുന്ന മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**ഉദ്ദേശലക്ഷ്യങ്ങൾ :**

കേരളത്തിൻറെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിവിധ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ പരിരക്ഷിക്കുന്നതിനും ഭൂഗർഭ ജലം കുറയാതെ നിലനിർത്തുന്നതിനും പ്രകൃതിദത്ത ജല സംഭരണിയായ നെൽവയലുകൾ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ നെൽവയൽ സംരക്ഷിക്കുന്നത് പ്രകൃതിയുടെയും ആവാസവ്യവസ്ഥയുടെയും സംരക്ഷണമായി കണക്കാക്കിയും ഭക്ഷ്യ സുരക്ഷ കൈവരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നതിനുള്ള പോത്സാഹനമായും നെൽ വയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി നൽകുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് .

**പ്രവർത്തന രീതി :**

നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്കാണ് (owners of cultivable paddy land) ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നത്. 2020-21 വർഷത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും, എന്നാൽ പ്രസ്തുത വർഷത്തിൽ ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതുമായ എല്ലാ അപേക്ഷകളും നിർബന്ധമായും 2021-22 വർഷത്തിൽ പരിഗണിക്കേണ്ടതും റോയൽറ്റി ലഭിക്കാൻ അർഹതയുള്ളവർക്ക് ആയത് അനുവദിക്കേണ്ടതുമാണ്.

നിലവിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ ഉടമകൾ റോയൽറ്റിക്ക് അർഹരാണ്. നെൽവയലുകളിൽ വിള പരിക്രമത്തിന്റെ ഭാഗമായി പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, എള്ള്, നിലക്കടല തുടങ്ങിയ നെൽവയലുകളുടെ അടിസ്ഥാന സ്വഭാവ വ്യതിയാനം വരുത്താത്ത ഹ്രസ്വകാലവിളകൾ കൃഷി ചെയ്യുന്ന നിലമുടമകൾക്കും റോയൽറ്റിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. നെൽവയലുകൾ തരിശായിട്ടിരിക്കുന്ന ഭൂവുടമകൾ, പ്രസ്തുത ഭൂമി നെൽകൃഷിക്കായി സ്വന്തമായോ, മറ്റു കർഷകർ, ഏജൻസികൾ മുഖേനയോ ഉപയോഗപ്പെടുത്തുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ റോയൽറ്റി അനുവദിക്കാവുന്നതാണ്. നെൽകൃഷിയ്ക്കനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്കുള്ള റോയൽറ്റി ഒറ്റത്തവണ മാത്രം നൽകുന്ന ആനുകൂല്യമായതിനാൽ 2020-21 സാമ്പത്തിക വർഷത്തിൽ ഈ ആനുകൂല്യം നല്കിക്കഴിഞ്ഞ അപേക്ഷകൾ 2021-22 വർഷത്തിൽ പരിഗണിക്കേണ്ടതില്ല.

പദ്ധതി നടത്തിപ്പിനായി താൽക്കാലിക ജീവനക്കാരെ നിയോഗിക്കാവുന്നതല്ല. ഭൂവിസ്തൃതി, കൃഷി ചെയ്യുന്ന സ്ഥലം മുതലായ മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ട് AIMS പോർട്ടൽ മുഖേന നൽകുന്നതാണ്.

റോയൽറ്റിക്കായുള്ള അപേക്ഷകൾ www.aims.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൃഷിക്കാർക്ക് വ്യക്തിഗത ലോഗിൻ ഉപയോഗിച്ച് സ്വന്തമായോ അക്ഷയ കേന്ദ്രം വഴിയോ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കർഷകർ അപേക്ഷയോടൊപ്പം ഇനിപ്പറയുന്ന രേഖകളും അപ്‌ലോഡ് ചെയ്യണം.

1. നടപ്പ് സാമ്പത്തിക വർഷത്തിലെ കരമടച്ച രസീത് / കൈവശാവകാശ സർട്ടിഫിക്കറ്റ് (**maximum size 2 MB**)
2. ആധാർ അല്ലെങ്കിൽ വോട്ടർ ഐഡി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാൻ

കാർഡ് മുതലായ മറ്റേതെങ്കിലും തിരിച്ചറിയൽ രേഖ (**maximum size 2 MB**)

3. ബാങ്കിൻറെയും ശാഖയുടെയും പേര്, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്. കോഡ് മുതലായവ വ്യക്തമാക്കുന്ന ബാങ്ക് പാസ്സ്ബുക്കിന്റെ പ്രസക്തമായ പേജ്/ റദ്ദാക്കിയ ചെക്ക് ലീഫ് (**maximum size 2 MB**)

www.aims.kerala.gov.in എന്ന പോർട്ടലിൽ ലഭിക്കുന്ന റോയൽറ്റിക്കുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ കൃഷി ചെയ്യാവുന്ന നെൽവയലുകളുടെ ഭൗതിക പരിശോധനയും അപ്ലോഡ് ചെയ്ത രേഖകളുടെ ഓൺലൈൻ പരിശോധനയും ബന്ധപ്പെട്ട കൃഷി അസിസ്റ്റൻറ് നടത്തുകയും, എല്ലാ അപേക്ഷകളും (യോഗ്യതയുള്ളതും യോഗ്യതയില്ലാത്തതും) കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്. ആയതിൽ യോഗ്യമായ അപേക്ഷകൾ കൃഷി ഓഫീസർമാർ അംഗീകരിച്ച് ബന്ധപ്പെട്ട കൃഷി അസിസ്റ്റൻറ് ഡയറക്ടർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അയോഗ്യമായ അപേക്ഷകൾ കൃഷി ഓഫീസർ നിരസിക്കേണ്ടതുമാണ്. യോഗ്യതയുള്ള അപേക്ഷകർക്കുള്ള റോയൽറ്റി കൃഷി അസിസ്റ്റൻറ് ഡയറക്ടർ അനുവദിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ സംസ്ഥാന തലത്തിൽ ഓൺലൈനായി കാണുവാൻ സാധിക്കുന്നതാണ്.

AIMS പോർട്ടലിലെ ജില്ല തിരിച്ചുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷി ഡയക്ടറ്റേറ്റിൽ നിന്നും വെർച്വൽ അലോട്ട്മെന്റ് നൽകുന്നതാണ്. തുടർന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകുന്നതിന് കൃഷി ഡയറക്ടറേറ്റിലേക്കു ക്ലെയിം സമർപ്പിക്കേണ്ടതുമാണ്. (Pushing of claims through AIMS portal).

**പ്രചാരണം :**

ജില്ലാതലത്തിൽ പദ്ധതിയെക്കുറിച്ച് ദൃശ്യ, ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വ്യാപകമായ പ്രചാരണം നൽകേണ്ടതാണ്. സംസ്ഥാന തലത്തിൽ പദ്ധതിക്ക് പ്രചാരണം നൽകുവാൻ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**മോണിറ്ററിങ്ങും വിലയിരുത്തലും :**

കൃഷി ഭവൻ തലത്തിൽ കൃഷി ഓഫീസറും കൃഷി അസിസ്റ്റൻറ്മാരും പദ്ധതി നടപ്പിലാക്കുന്നതാണ്. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റൻറ് ഡയറക്ടർ ശരിയായ മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്. ജില്ലാ തലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM)-ഉം, സംസ്ഥാനതലത്തിൽ കൃഷി അഡിഷണൽ ഡയറക്ടർ (CP) യും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതാണ്.

**സാമ്പത്തിക അടങ്കൽ :**

ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ 1500 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2401-00-102-90 (P) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ഉപയോഗിക്കുന്നതാണ്.

Sd/-
SUBHASH T.V. IAS
DIRECTOR
കൃഷി ഡയറക്ടർക്കു വേണ്ടി

GEORGE ALEXANDER MSc. Ag
Additional Director of Agriculture (CF)
and Farmers Welfare Department
Vikas Bhavan, Thiruvananthapuram

സ്വീകർത്താവ്:
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും
പകർപ്പ്:

കൃഷി ഡയറക്ടറുടെ ടി.എ.
എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർക്കും
എല്ലാ കൃഷി ജോയിന്റ് ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ - പ്രചാരണം നൽകുന്നതിനായി
ഐ. ടി. സെൽ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ കൃഷി ഓഫീസർമാർക്കും